**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.853

29.09.2016-ൽ മറുപടിക്ക്

**അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനം**

**ചോദ്യം**

ശ്രീ. വി.എസ്. ശിവകുമാർ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിന് കാറ്റഗറി നമ്പർ 193 / 2010 ആയി 15.07.2010 ൽ പി.എസ്.സി അപേക്ഷ ക്ഷണിക്കുകയും, 30.7.2013 ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനും, ഉന്നത വിദ്യാഭ്യാസ വകുപ്പിനും കത്തുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(എ) കത്തുകൾ നൽകിയിട്ടുണ്ട്. അപേക്ഷ സ്വീകരിച്ചുകൊണ്ടുള്ള 15.7.2010 ലെ കാറ്റഗറി നമ്പർ 193 / 2010 നമ്പരിലുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരുന്ന യോഗ്യതയുടെ തുല്യ യോഗ്യതകൾ സംബന്ധിച്ചുള്ള വ്യക്തത ആവശ്യപ്പെട്ട് കൊണ്ടാണ് കത്ത് നൽകിയിരുന്നത്.

(ബി) മേൽപ്പറഞ്ഞ കത്തുകൾക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും, പബ്ലിക് സർവ്വീസ് കമ്മീഷന് മറുപടി നൽകിയിട്ടുണ്ടോ;

(സി) ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി) & (സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും 7.1.2015 ന് മറുപടി നൽകിയിരുന്നു. എന്നാൽ ഈ മറുപടി തൃപ്തികരമല്ലാത്തതിനാൽ അതിനെ സംബന്ധിച്ചുള്ള സ്പഷ്ടീകരണമാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നത്. വിജ്ഞാപന പ്രകാരമുള്ള തസ്തികകൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾക്ക് തുല്യമായി പരിഗണിക്കാവുന്ന യോഗ്യതകൾ ഏവ എന്ന് പരിശോധിക്കുകയും യോഗ്യതകളിൽ വ്യക്തത വരുത്തി തീരുമാനമെടുക്കുകയും ചെയ്തതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നിയമന നടപടികൾ സ്വീകരിക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

സെക്ഷൻ ഓഫീസർ